**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് - മലപ്പുറം,പത്തനംതിട്ട ജില്ലകളിൽ ഓരോ സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ. ആർ) ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.66/2025/TAXES തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:- 1. കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ 16/01/2021, 05/08/2021, 08/03/2022 തീയതികളിലെ 1151/റിക്കവറി നമ്പർ കത്ത്.

2. 26/06/2025 ലെ സ.ഉ.(കൈ)നം.187/2025/ആർ.ഡി

**ഉത്തരവ്**

റവന്യൂ റിക്കവറി നേരിടുന്ന ഫയലുകളിന്മേൽ നടപടികൾ സ്വീകരിക്കുവാൻ കാലതാമസം അനുഭവപ്പെടുന്നതിനാൽ മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ ഓരോ സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർആർ) ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചും ആയതിലേക്കായി പുതിയ രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ) തസ്തിക സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചും കെ.എസ്.എഫ്.ഇയുടെ 30.12.2020 തീയതിയിലെ 542-ാമത് ഡയറക്ടർ ബോർഡ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. രണ്ട് ജില്ലകൾ ഒരു എസ്.ഡി.ടി ഓഫീസിനു കീഴിൽ വരുന്നത് മൂലം ആർ.ആർ നടപടികൾ സ്വീകരിക്കുവാൻ പ്രായോഗികമായി വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും,ആദ്യഘട്ടം എന്ന നിലയ്ക്ക് കൊല്ലം, പാലക്കാട് എന്നീ എസ്.ഡി.ടി ഓഫീസുകളുടെ അധികാര പരിധികളിൽ നിന്നും യഥാക്രമം പത്തനംതിട്ട, മലപ്പുറം ജില്ലകൾക്കായി ഓരോ സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ. ആർ) ഓഫീസുകൾ ആരംഭിക്കുന്നതാണ് അഭികാമ്യമെന്നും പത്തനംതിട്ട മലപ്പുറം ജില്ലകളിൽ കെഎസ്എഫ്ഇ പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ. ആർ) ഓഫീസുകളിലേക്ക് രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ ബിൽ ഓഫ് കോസ്റ്റ് അടിസ്ഥാനത്തിൽ വിട്ട് നൽകുന്നതിനായി റവന്യു വകുപ്പിൽ രണ്ട് ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്നും

കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ കെ.എസ്.എഫ്.ഇ പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ. ആർ) ഓഫീസുകളിലേക്ക് രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ ബിൽ ഓഫ് കോസ്റ്റ് അടിസ്ഥാനത്തിൽ വിട്ട് നൽകുന്നതിനായി രണ്ട് ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ റവന്യു വകുപ്പിൽ പരാമർശം (2) പ്രകാരം സൃഷ്ടിച്ച് ഉത്തരവായ സാഹചര്യത്തിൽ കെഎസ്എഫ്ഇ യുടെ ഒരു സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ. ആർ) ഓഫീസ് മലപ്പുറം ജില്ലയിലും മറ്റൊരെണ്ണം പത്തനംതിട്ട ജില്ലയിലും ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, തൃശ്ശൂർ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (PU-C2/133/2021-FIN)
4. റവന്യു വകുപ്പ് (Rev-C2/177/2021/Rev)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H2/41/2021-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 16-07-2025 16:30:43
സെക്ഷൻ ഓഫീസർ